സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിലവിലുള്ള റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ

31 [3453] *ശ്രീ. എം. മുരളി:*
,, *കെ. എ. ചന്ദ്രൻ:*
,, *ടി. യു. രാധാകൃഷ്ണൻ:*
,, *സി. പി. മുഹമ്മദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന് നിലവിൽ എത്ര റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ ഉണ്ട്;

(ബി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും സിവിൽ സപ്ലൈസ് കോർപ്പറേഷന് റീട്ടെയിൽ ഔട്ട്‌ലെറ്റുകളുണ്ടോ;

(സി) ഇല്ലെങ്കിൽ എത്ര ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത കോർപ്പറേഷന് റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ ഉണ്ട്;

(ഡി) മാവേലി സ്റ്റോറുകൾ നടത്തുന്നത് പ്രസ്തുത കോർപ്പറേഷനാണോ;

(ഇ) എങ്കിൽ ഇവ തമ്മിലുള്ള വ്യത്യാസം എന്തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1120 റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ.

(ബി) ഇല്ല.

(സി) 831 ഗ്രാമപഞ്ചായത്തുകളിൽ.

(ഡി) അതെ.

(ഇ) മാവേലി സ്റ്റോറുകൾ, സപ്ലൈകോ ശബരി സൂപ്പർ മാർക്കറ്റുകൾ, മാവേലി മെഡിക്കൽ സ്റ്റോറുകൾ, എൽ. പി. ജി. ഔട്ട്‌ലെറ്റുകൾ തുടങ്ങിയവ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ റീട്ടെയിൽ ഔട്ട്‌ലെറ്റുകളാണ്.

സൂപ്പർ മാർക്കറ്റ് തുടങ്ങുന്നതിന് നടപടി

32 [3454] *ശ്രീ. ടി. എൻ. പ്രതാപൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ തളിക്കുളം, വലപ്പാട്, തൃപ്രയാർ, കയ്പമംഗലം എന്നിവിടങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സൂപ്പർ മാർക്കറ്റ് തുടങ്ങുന്നതിന് വകുപ്പ് നൽകിയ നിർദ്ദേശം നടപ്പിലാക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സൂപ്പർ മാർക്കറ്റുകൾ തുടങ്ങുന്നതിന് വീഴ്ചവരുത്തിയ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ വലപ്പാട്, തൃപ്പയാർ എന്നിവിടങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സൂപ്പർ മാർക്കറ്റ് തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. തളിക്കുളം, കയ്പമംഗലം എന്നിവിടങ്ങളിൽ കോർപ്പറേഷന്റെ നിബന്ധനകൾക്കു വിധേയമായി കെട്ടിടം ലഭ്യമാകാത്തതിനാലാണ് നടപ്പിലാക്കാൻ കാലതാമസം നേരിടുന്നത്.

(ബി) സൂപ്പർ മാർക്കറ്റ് തുടങ്ങുന്നതിന് ഉദ്യോഗസ്ഥൻമാർ വീഴ്ച വരുത്തിയിട്ടില്ല.

സിവിൽ സപ്ലൈസ് സൂപ്പർ മാർക്കറ്റ് പുനഃസ്ഥാപിക്കാൻ നടപടി

33 [3455] *ശ്രീ. സി. ടി. അഹമ്മദ് അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിലവിലുണ്ടായിരുന്ന സിവിൽ സപ്ലൈസ് സൂപ്പർ മാർക്കറ്റ് എന്നാണ് നിർത്തലാക്കിയതെന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ;

(ബി) ഈ സൂപ്പർ മാർക്കറ്റ് അടിയന്തിരമായി പുനഃസ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാസർഗോഡ് നിലവിലുണ്ടായിരുന്ന സിവിൽ സപ്ലൈസ് സൂപ്പർ മാർക്കറ്റ് നിർത്തലാക്കിയത് ഡിസംബർ 2000-ൽ ആണ്. സൂപ്പർ മാർക്കറ്റ് പ്രവർത്തിച്ചിരുന്നത് കെട്ടിടത്തിന്റെ രണ്ടാം നിലയിലായിരുന്നതിനാൽ തൊഴിലാളികൾക്ക് സാധനങ്ങൾ എത്തിക്കുന്നതിനുള്ള ബുദ്ധിമുട്ടും വിൽപ്പനയിലുള്ള കുറവും പരിഗണിച്ചാണ് ടി സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തേണ്ടിവന്നത്.

(ബി) കോർപ്പറേഷന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് അനുയോജ്യമായ കെട്ടിടം ലഭിക്കുന്ന മുറയ്ക്ക് ഈ സൂപ്പർ മാർക്കറ്റ് പുനഃസ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly